**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ , ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ , നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ നേരിട്ട് ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 29 ഗ്രേഡ് -1, മാർക്കറ്റുകളും, 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് -III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും,കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 2022-23 വർഷം 90.52ലക്ഷംരൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാതലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 18.9 ലക്ഷം രൂപയും, ഗ്രാമ ചന്തകൾക്ക് 29.25 ലക്ഷം രൂപയും, എക്കോഷോപ്പുകൾക്ക് 24.00 ലക്ഷം രൂപയും, നഗര തെരുവ് ആഴ്ചചന്തകൾക്ക് 9.3 ലക്ഷം രൂപയും കൂടാതെ കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉണഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണി ഇടപെടൽ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 2614.95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു 13 ജില്ലാ |

സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 90 സ്വന്തം സ്റ്റാളുകളും 185 ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട് ലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും, കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട് ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈലിപാടത്ത് നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട് ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു. കാർഷികോൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം - പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ 1 മുതൽ നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതി VFPCK നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ (VFPMC) , 7 ജില്ലകളിൽ പഴം- പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട് ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി FPO കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVപദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേന 50

| | | | |
|---|---|---|---|
| | | | FPO–കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.<br><br>വി.എഫ്.പി.സി.കെ മുഖേന 41 FPO കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ “10000 FPO-കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 44 FPO കളും 2021-22 വർത്തിൽ 38 FPO- കളും 2022-23 വർഷത്തിൽ 18 FPO കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നു കഴിഞ്ഞു. കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കുന്നതോടെ കാർഷിക ഉൽപ്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും. |

സെക്ഷൻ ഓഫീസർ